സബ്സ്റ്റേഷന്റെ ജോലികൾ മൊത്തമായി കരാർ കൊടുക്കേണ്ടതുണ്ട്. വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ കരാർ ഏർപ്പെടുത്തി ജോലി ആരംഭിക്കുന്നതിനേക്കാൾ കാലതാമസം ടേൺ - കീ അടിസ്ഥാനത്തിൽ ജോലി ആരംഭിക്കുന്നതിന് വരുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2001-ാം ആണ്ട് മാർച്ച് മാസം പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ലക്ഷംവീട് കോളനികൾക്ക് വൈദ്യുതി കണക്ഷൻ

99(1002) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷംവീട് കോളനികളിലേയും മറ്റ് ദുർബല ജനവിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലേയും ജനങ്ങൾ മിനിമം ഗ്യാരന്റി വച്ച് പണം അടച്ച് വർഷങ്ങൾക്കുശേഷവും വൈദ്യുതി കണക്ഷൻ കിട്ടാതിരിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും അതാത് വർഷത്തെ സാമ്പത്തിക ലഭ്യതയ്ക്ക് വിധേയമായി തീരുമാനിക്കുന്ന ടാർജറ്റ് അനുസരിച്ചാണ് മിനിമം ഗ്യാരന്റി ജോലികൾ ചെയ്യുന്നത്. ഇതുമൂലമാണ് മിനിമം ഗ്യാരന്റി ജോലികൾ ചെയ്യുവാൻ കാലതാമസം നേരിടുന്നത്. ഈ വർഷം 31-3-1994 വരെ മിനിമം ഗ്യാരന്റി വെച്ച ജോലികൾ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതനുസരിച്ചുള്ള ജോലികൾ ചെയ്തുവരുന്നു.

കോഴിക്കോട് ഡീസൽ വൈദ്യുതി നിലയത്തിനുള്ള ഇന്ധനം

100(1003) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള കോഴിക്കോട് ഡീസൽ വൈദ്യുതി നിലയത്തിന് ഇന്ധനം നൽകുവാൻ ഏതൊക്കെ കമ്പനികളാണ് ഓഫറുകൾ നൽകിയിരുന്നത് ;

(ബി) ഓരോ കമ്പനികളും നൽകിയ ഓഫറുകൾ വിശദീകരിക്കുമോ ;

(സി) ഇതിൽ ഏത് കമ്പനിക്കാണ് കരാർ നൽകിയത് ;

(ഡി) കൂടിയ വിലയ്ക്ക് ഇന്ധനം വാങ്ങുക വഴി കെ.എസ്.ഇ.ബി.ക്ക് നഷ്ടം ഉണ്ടാവുമെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്.

2. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്.

3. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്.

(ബി) മൂന്ന് കമ്പനികളുടെയും ഓഫറിന്റെ താരതമ്യപഠനം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനിക്ക്.

(ഡി) അടിസ്ഥാന വിലയിൽ നിന്ന് 31/2 ശതമാനം കിഴിവോടെയാണ് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഇന്ധനം നൽകുന്നത്. അതിനാൽ നഷ്ടമുണ്ടാവുകയില്ല.

മുളംമൂട്-ചന്ദ്രൻകോക്കോട് വൈദ്യുതി ലൈൻ

101(1004) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ പഞ്ചായത്തിൽ മുളംമൂട്-ചന്ദ്രൻ കോക്കോട് വൈദ്യുതി ലൈനിനുവേണ്ടി പഞ്ചായത്തു വഴി എന്ത് തുക വൈദ്യുതി ബോർഡിൽ അടച്ചിട്ടുണ്ട് ;

(ബി) ഈ പണിയുടെ എസ്റ്റിമേറ്റ് എത്രയാണ് ;

(സി) ഇതിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 77.680 രൂപ അടച്ചിട്ടുണ്ട്.

(ബി) 77,680 രൂപ.

(സി) 2000 മാർച്ച് മാസത്തിൽ.

സ്വകാര്യ ടി.വി. ചാനലിന്റെ ഓഫറികൾ വാങ്ങുന്നതിനുള്ള അനുമതി

102(1005) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ടി.വി. ചാനലിന്റെ ഓഫറികൾ വാങ്ങുന്നതിന് വൈദ്യുതി ബോർഡ് ജീവനക്കാർക്ക് വൈദ്യുതി ബോർഡും സംസ്ഥാന സർക്കാരും അനുമതി നൽകിയിട്ടുണ്ടോ ;

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 100(1003) ദയവായി കാണുക]

ITEM	BPCL	HPCL	IOCL[]
(1)	(2)	(3)	(4)
Indigenous Supply			
1. Reduction in basic rate	3.5% ie. Rs. 189.35 (At Current rates)	Nil	Upto 7500MT/month Rs.175.50/MT 7500-8500MT/month Rs.180.00/MT 8500MT/ month Rs. 190.0/MT
2. Thruput charges	Nil	Rs.75 per MT	Nil
3. O&M charges	Rs.8/- per MT	Nil	Rs.9/- per MT (at quoted rates of Rs.75,000 per month & minimum off take of 1,00,00per annum) & to be reviewed after 3 years
4. Any other charge	Nil	Nil	Nil
Imorted supply			
1. Transportation cost			1.4% CIF 0.7% C &F
2. Sourcing charge 1% C & F	or Rs.100 per MT, to be reviewed after 3 years	1.4% CIF Rs. 125 per MT	0.7% C&F or Rs 110 per
3. Handling/Service charges 1.75% Landed cost			1.25% Landed cost MT to be reviewed after 3 years

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)	(3)	(4)
4.	Thruput charges	Nil	Rs.75/- per MT	Nil
5.	O&M charges	Rs.8/-perMT	Nil	(at quoted rates of Rs.75,000 per month & minimum off take of 1,00,000 per annum) & to be reviewed after 3 years.
6.	Any other charges	Nil	Nil	Nil

BPCL offer is based on minimum off take guaranteed of 1,10,000 MT per year whereas IOC's offer is based on 1,00,000 MT per year BPCL offer is the lowest.

അനുബന്ധം XI

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 103(1006) ദയവായി കാണുക]

(എ&ബി) മലബാർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രസരണ വിഭാഗത്തിൽ 1997-98 സാമ്പത്തികവർഷത്തിൽ മൂന്ന് 220 കെ.വി സബ് സ്റ്റേഷനുകളും (കഞ്ചിക്കോട്, അരീക്കോട്, കാഞ്ഞിരോട്), നാല് 110 കെ.വി സബ് സ്റ്റേഷനുകളും (പഴയന്നൂർ, മഞ്ചേശ്വരം, കുന്ദമംഗലം-ഒന്നാംഘട്ടം, പഴയങ്ങാടി), ഒരു 66 കെ.വി സബ് സ്റ്റേഷനും (ശ്രീകണ്ഠാപുരം) അനുബന്ധപ്രസരണലയിനുകളും കമ്മിഷൻ ചെയ്തു. കൂടാതെ എട്ട് സബ് സ്റ്റേഷനുകളിലെ ട്രാൻസ്ഫോമർ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. 1998-99 സാമ്പത്തിക വർഷത്തിൽ ഒരു 220 കെ.വി സബ് സ്റ്റേഷനും (മൈലാട്ടി) മൂന്ന് 110 കെ.വി സബ് സ്റ്റേഷനുകളും (ചെറുപുഴ, തളിപ്പറമ്പ്, വടക്കുഞ്ചേരി) അനുബന്ധ പ്രസരണലയിനുകളും, ഒരു 220 കെ.വി മൾട്ടി സർക്യൂട്ട് ലൈനും (അരിക്കോട് - വാഴക്കാട്) കമ്മിഷൻ ചെയ്തു. ഇതോടൊപ്പം തന്നെ നാല് സബ് സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. ഈ സാമ്പത്തികവർഷം ആറ് സബ് സ്റ്റേഷനുകളുടെ സ്ഥാപിതശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. കണ്ടശ്ശാംകടവ് , ഗുരുവായൂർ, തലശ്ശേരി ഇതുകൂടാതെ മുള്ളേരിയ, ഏഴിമല അഴീക്കോട്, കുന്ദമംഗലം രണ്ടാംഘട്ടം, കഞ്ചിക്കോട് (ശേഷി വർദ്ധിപ്പിക്കൽ) പൊന്നാനി, ചേളാരി, കൊല്ലങ്കോട്, ചെറുപ്പളശ്ശേരി, നാദാപുരം, പരപ്പനങ്ങാടി എന്നീ 110 കെ.വി. സബ് സ്റ്റേഷനുകളും എടക്കര,

LIBRARY ARCHIVES Kerala Legislative Assembly